# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:6279

20.11.2019-ലെ മറുപടി

## ജലക്ഷാമം നേരിടുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.യു. ജനീഷ് കുമാർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വേനൽക്കാലത്തെ ജലക്ഷാമം നേരിടാൻ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | • വേനൽക്കാലത്തെ ജലക്ഷാമം നേരിടുന്നതിന് കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി (കെ.ആർ. ഡബ്ല്യൂ.എസ്.എ) നടപ്പിലാക്കി വരുന്ന മഴവെള്ള സംഭരണം 'ഭൂജലപരിപോഷണം' പദ്ധതിയുടെ ഭാഗമായി 34 ഗ്രാമ പഞ്ചായത്തുകളിലെ 7100 വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള ജല സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്<br>• 'ജലസൗഹൃദ വിദ്യാലയം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ 840 സർക്കാർ വിദ്യാലയങ്ങളിൽ 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴ വെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.<br>• കൃത്രിമ ഭൂഗർഭജല സംപോഷണ പരിപാടിയുടെ ഭാഗമായി 10 ഗ്രാമ പഞ്ചായത്തുകളിലെ 8500 തുറന്ന കിണറുകൾ മഴവെള്ളം കടത്തിവിട്ട റീചാർജ്ജ് ചെയ്യുന്നതിന് പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്. |

| ചോദ്യം | മറുപടി |
| --- | --- |
| | • രണ്ട് പിന്നോക്ക വിഭാഗ കോളനികളിൽ കമ്മ്യൂണിറ്റി മാനേജ്ഡ് മഴവെള്ള സംഭരണികൾ നിർമിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>• തിരുവനന്തപുരം നഗരത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ വിപുലമായ രീതിയിൽ മഴവെള്ളം സംഭരിക്കുന്നതിനും കൃത്രിമ ഭൂഗർഭ ജലസംപോഷണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് ഈ സാമ്പത്തികവർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.<br>ജലക്ഷാമം നേരിടാൻ കേരള വാട്ടർ അതോറിറ്റി താഴെ പറയുന്ന പ്രവർത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>ആവർത്തിച്ചുണ്ടാകുന്ന ജലദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ജലം വേണ്ട രീതിയിൽ സംഭരിക്കുവാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കുവാൻ ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതിനും, ആവശ്യമുള്ള പക്ഷം പൈപ്പ് ലൈനുകൾ നീട്ടിയും, വരൾച്ചാദുരിതാശ്വാസ നിധി ഉൾപ്പടെ വിവിധ പദ്ധതികൾ നടപ്പിലാക്കിയും, വിതരണ ശൃംഖലയിൽ ഉണ്ടാകുന്ന ലീക്കുകൾ സമയബന്ധിതമായി പരിഹരിച്ചും, പമ്പിങ് സമയം ആവശ്യാനുസരണം വർധിപ്പിച്ചും അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തീകരിച്ചും, പ്രവർത്തന ശേഷി കുറഞ്ഞ പമ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചും, ആവശ്യമുള്ള ഇലക്ട്രിക്ക് റിപ്പയർ ചെയ്തു തീർത്തും. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | കിണർ, ഗ്യാലറി, ലീഡിങ് ചാനൽ എന്നിവയിലെ മണ്ണും ചെളിയും യഥാസമയം നീക്കം ചെയ്തും. ജലചൂഷണം, ജലദുരുപയോഗം എന്നിവ തടയുന്നതിന് വേണ്ട ബോധവത്കരണം നടത്തിയും. ആവശ്യമുള്ള സ്ഥലങ്ങളിൽ താൽകാലിക തടയണകൾ നിർമ്മിച്ചും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് അത്യാവശ്യ ഘട്ടങ്ങളിൽ ടാങ്കർലോറി മുഖാന്തിരം ജലവിതരണം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഇപ്രകാരം കോന്നി നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കോന്നി പഞ്ചായത്തിൽ ജലനിധി ഒന്നാം ഘട്ട പദ്ധതിയിലൂടെ 22 കുടിവെള്ള വിതരണ സ്കീമുകൾ നിർമ്മിച്ച് 1001 വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ നൽകിയിരുന്നു. കൂടാതെ 25 മഴവെള്ള സംഭരണ പദ്ധതികളിലൂടെ 754 വീടുകളിൽ മഴവെള്ള സംഭരണിയും നിർമ്മിച്ചിരുന്നു. കോന്നി പഞ്ചായത്തിലെ 21 ജലനിധി കുടിവെള്ള വിതരണ സ്കീമുകളും നിലവിൽ ജലവിതരണം നടത്തുന്നുണ്ട്. കോന്നി പഞ്ചായത്തിലെ 10 ജലനിധി കുടിവെള്ള സ്കീമുകളുടെ നവീകരണത്തിനു സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കേരള വാട്ടർ അതോറിറ്റി മുഖേന കോന്നി നിയോജക മണ്ഡലത്തിൽ മലപ്പാറ ശുദ്ധജല വിതരണ പദ്ധതിയിലും, കോന്നി അരുവാപ്പുലം പദ്ധതിയിലും സ്രോതസ്സിൽ തടയണ നിർമിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പൈപ്പ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ചും പമ്പിങ് സമയം ക്രമീകരിച്ച് |

| ചോദ്യം | | | മറുപടി |
| --- | --- | --- | --- |
| | | | വിവിധ ഘട്ടങ്ങളിലായി വിവിധ പ്രദേശങ്ങളിൽ ജലം എത്തിച്ചും ലീക്കുകൾ അടിയന്തിരമായി പരിഹരിച്ചും ജലക്ഷാമം പരിഹരിക്കാൻ ശ്രമിക്കുന്നു.<br><br>കോന്നി നിയോജക മണ്ഡലത്തിലെ കോന്നി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള ശുദ്ധ ജലവിതരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 909.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച സീതത്തോട്- നിലക്കൽ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻടേക്ക് കിണറും പമ്പ് ഹൗസും 13mld ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണവും പൂർത്തിയാക്കി. 120 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, 3 ബൂസ്റ്റിംഗ് സ്റ്റേഷൻ, ജലസംഭരണികൾ, പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയുടെ കരാർ നൽകുന്നതിന്റെ ഭാഗമായി വർക്ക് ഓർഡർ നൽകി. സീതത്തോട് പഞ്ചായത്തിൽ സ്ഥാപിക്കേണ്ട ടാങ്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, പമ്പിങ് / ഗ്രാവിറ്റി മെയിനുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ എന്നിവ നടന്നു വരുന്നു. കൂടാതെ പൈപ്പുകളുടെ കാലപ്പഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ കോന്നി നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ചോദ്യം | | മറുപടി |
|---|---|---|
| • | | |

| പ്രവർത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ ) | തൽസ്ഥിതി |
|---|---|---|
| കോന്നി-അരുവാപ്പുലം ജലവിതരണ പദ്ധതി –പമ്പ് ഹൌസ് മുതൽ കോന്നി- അരുവാപ്പുലം വരെ 250mm AC ഗ്രാവിറ്റി മെയിൻ മാറ്റി 250mm DI K9 പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി | 285.46 | സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| വള്ളിക്കോട് കൊട്ടുമൺ സമഗ്ര കുടിവെള്ള പദ്ധതി-വള്ളിക്കോട് ജലശുദ്ധീകരണ ശാല മുതൽ വാഴമുറ്റം കുരിശുവരെയും സിയോൺ കുന്നു മുതൽ കൊട്ടുമൺ വരെയും കേടായ AC പൈപ്പുകൾ മാറ്റുന്ന പ്രവർത്തി | 610.23 | പ്രവർത്തി ടെണ്ടർ ചെയ്തു |
| കോന്നി-അരുവാപ്പുലം ജലവിതരണ പദ്ധതി –ഊട്ട് പാറയിലേക്കുള്ള 100mm GI പൈപ്പ് മാറ്റുന്ന പ്രവർത്തി | 156.29 | പ്രവർത്തിയുടെ വർക് ഓർഡർ നല്കി |

സെക്ഷൻ ഓഫീസർ